# മൂന്ന് ആത്മീയ വിവാഹങ്ങൾ

സാക് പുന്നൻ

WFTW 05 ജൂൺ 2016

പാപത്തിൻറെമേൽ ജയം പ്രാപിച്ച് ഒരു വിശുദ്ധജീവിതം നയിക്കുവാൻ വാഞ്ചിക്കുന്നവനും എന്നാൽ അതെങ്ങനെ ജീവിക്കണമെന്നത് തെറ്റായി മനസ്സിലാക്കിയിരിക്കുന്നവനുമായ ഒരുവനെക്കുറിച്ച് പൗലൊസ് റോമ.7ൽ പറയുന്നു. പരിശുദ്ധാത്മാവ് ഇവിടെ ഒരു വിവാഹത്തിൻറെ സാദൃശമാണ് ഉപയോഗിച്ചിരിക്കുന്നത് (വ 4). നാം മാനസാന്തരപ്പെടാതിരുന്നപ്പോൾ, നാം പഴയ മനുഷ്യനുമായി വിവാഹം ചെയ്തിരുന്നു. മാനസാന്തരത്തിനുശേഷം ക്രിസ്തുവുമായി വിവാഹിതരാകുന്നതിനു പകരം, ന്യായപ്രമാണത്തെ വിവാഹം കഴിക്കുന്ന അബദ്ധം നാം ചെയ്തു. പാപത്തിൻറെമേൽ വിജയത്തിനായി അന്വേഷിക്കുന്ന ഓരോ വിശ്വാസിയും ഈ അബദ്ധം ചെയ്യാറുണ്ട്. ആദ്യം അവൻ തൻറെ തന്നെ ശക്തിയിൽ പാപത്തിൻറെമേൽ വിജയം നേടുവാൻ ശ്രമിക്കുന്നു ഇതാണ് ന്യായപ്രമാണത്തിന് വിവാഹിതരാകുക എന്നത്. 6ഉം 7ഉം അദ്ധ്യായങ്ങളിൽ നാം ഈ മൂന്ന് ആത്മീയ 'വിവാഹങ്ങൾ' കാണുന്നു ആദ്യം പഴയ മനുഷ്യനുമായി, അതിൻറെശേഷം ന്യായപ്രമാണങ്ങളുമായി, ഒടുവിൽ ക്രിസ്തുവുമായി.

പഴയ മനുഷ്യനെ, തൻറെ ഭാര്യയെ അടിക്കുകയും അവളെ ഒരു വേശ്യയാക്കി മാറ്റിയിട്ട് അവളുടെ ജീവിതത്തെയും അവളുടെ സന്തോഷത്തെയും നശിപ്പിക്കുകയും ചെയ്യുന്ന, ദുഷ്ടനായ ഒരു ഭർത്താവിനോട് ഉപമിക്കാം. അടിച്ചു തകർക്കപ്പെട്ട ഈ ഭാര്യ ദുഷ്ടനായ ഭർത്താവിൽ നിന്നുള്ള സ്വാതന്ത്ര്യത്തിനായ് ആഗ്രഹിക്കുന്നു. ഒരു ദിവസം അവളുടെ ഭർത്താവ് പഴയമനുഷ്യൻ മരിക്കുന്നു. അവൾ വീണ്ടും ജനിക്കപ്പെട്ടിരിക്കുന്നു! ഇപ്പോൾ അവൾ വീണ്ടും വിവാഹിതയാവുവാൻ സ്വതന്ത്രയായിരിക്കുന്നു. എന്നാൽ ക്രിസ്തുവിനെ വിവാഹം കഴിക്കുന്നതിനു പകരം കാഴ്ചയിൽ ക്രിസ്തുവിനെപ്പോലെയിരിക്കുന്ന ഒരുവനെ ന്യായപ്രമാണത്തെ, വിവാഹം കഴിക്കുന്ന അബദ്ധം അവൾ ചെയ്യുന്നു.

ന്യായപ്രമാണം തികവുള്ളതാണ്. അതുകൊണ്ടു തന്നെ ക്രിസ്തുവിനു പകരം ന്യായപ്രമാണത്തെ തെറ്റിദ്ധരിക്കുവാൻ എളുപ്പമാണ്, കാരണം അത് തികഞ്ഞ നീതി അവകാശപ്പെടുന്നു. ന്യായപ്രമാണം പഴയ മനുഷ്യനെപ്പോലെയല്ല. അവൻ തൻറെ ഭാര്യയെ അടിക്കുകയോ, ഇടിക്കുകയോ ഏതെങ്കിലും തരത്തിൽ പ്രയാസപ്പെടുത്തുകയോ ചെയ്യുന്നില്ല. എന്നാൽ അയാൾ പൂർണ്ണത ആവശ്യപ്പെടുന്നു. നീ രാവിലെ ആറ് മണിക്ക് കൃത്യമായി എഴുന്നേൽക്കണം. 8 മണിയോടെ പ്രഭാതഭക്ഷണം തയ്യാറാക്കി മേശപ്പുറത്ത് വച്ചിരിക്കണം. അത് 8.01 ആകാൻ പാടില്ല, കൃത്യം 8 മണിക്ക് തന്നെ വേണം. അതാണ് പൂർണ്ണത. വീടിൻറെ ഓരോ ഭാഗവും തീർത്തും വൃത്തിയും വെടിപ്പും ഉള്ളതായിരിക്കണം. ചെരിപ്പുകൾ എപ്പോഴും അതിൻറെ ശരിയായ സ്ഥാനത്തു സൂക്ഷിക്കണം, വസ്ത്രങ്ങൾ ഒരു കറയുമില്ലാതെ കുറ്റമറ്റവിധം അത് കഴുകുകയും കുറ്റമറ്റ വിധം അത് ഇസ്തിരിയിടുകയും വേണം. ന്യായപ്രമാണം ഒരിക്കലും നിങ്ങളോട് ഏതെങ്കിലും തിന്മയായ കാര്യങ്ങൾ ചെയ്യുവാൻ ആവശ്യപ്പെടുന്നില്ല. എന്നാൽ ഓരോ മേഘലയിലും ഇത്രമാത്രം പൂർണ്ണത ആവശ്യപ്പെടുന്ന ഇത്തരം ഒരു 'നല്ല മനുഷ്യനെ' വിവാഹം കഴിക്കുവാൻ എത്ര യുവസഹോദരിമാർ ഇഷ്ടപ്പെടും?

പഴയ മനുഷ്യനെ വിവാഹം കഴിച്ചതിനുശേഷം ന്യായപ്രമാണത്തെ വിവാഹം കഴിക്കുക എന്നത് വറചട്ടിയിൽ നിന്ന് എരിതീയിലേക്ക് ചാടുന്നതുപോലെയാണ്. അയാൾ ഒരു നല്ല മനുഷ്യനാണ്. എന്നാൽ അയാൾ വളരെ കാർക്കശ്യക്കാരനാണ്. അയാൾ ഒരിക്കലും തിന്മയായുള്ള ഏതെങ്കിലും കാര്യങ്ങൾ ആവശ്യപ്പെടാറില്ല. എന്നാൽ നിങ്ങൾക്കൊരിക്കലും അയാളുടെ

നിലവാരത്തിനൊപ്പം എത്താൻ കഴിയുകയില്ല. അപ്പോൾ നിങ്ങൾക്ക് മനസ്സിലാകും നിങ്ങൾ തെറ്റായ ഒരു മനുഷ്യനെയാണ് വിവാഹം കഴിച്ചിരിക്കുന്നത് എന്ന്. അതുകൊണ്ട് നിങ്ങൾക്ക് ഇനി എന്തു ചെയ്യാൻ കഴിയും? ന്യായപ്രമാണം ദൈവത്തിൻറെ ന്യായപ്രമാണം ഒരിക്കലും മരിക്കുകയില്ല! ഇവിടെ ഇതാ എന്നേക്കും ജീവിക്കുന്ന ആരോഗ്യവാനും ശക്തനുമായ ഒരു ഭർത്താവ്. 'വിവാഹിതയായ ഒരു സ്ത്രീ ഭർത്താവ് ജീവിക്കുന്നിടത്തോളം ഭർത്താവിനോട് ബന്ധിക്കപ്പെട്ടിരിക്കുന്നു' (7:12). അതുകൊണ്ട് ആ സ്ത്രീ എപ്പോഴെങ്കിലും സന്തോഷമായിരിക്കാനുള്ള എല്ലാ പ്രതീക്ഷയും ഉപേക്ഷിക്കുന്നു. അപ്പോൾ ദൈവം അതിശയകരമായ ഒരു കാര്യം ചെയ്യുന്നു. അവിടുന്ന് ആ സ്ത്രീയെ മരിപ്പിക്കുകയും അത് ഭർതൃന്യായപ്രമാണത്തിൽ നിന്ന് അവളെ വേർപെടുത്തുകയും ചെയ്യുന്നു!

ആദ്യത്തെ പ്രാവശ്യം ഭർത്താവ് (പഴയമനുഷ്യൻ) ആണ് മരിച്ചത്. ഇപ്പോൾ ഭാര്യ (നിങ്ങൾ) ആണ് മരിക്കുന്നത്. 'എൻറെ സഹോദരന്മാരെ, മരിച്ചിട്ട് ഉയിർത്തെഴുന്നേറ്റവനായ വേറൊരുവൻ ആകേണ്ടതിന് നിങ്ങളും ക്രിസ്തുവിൻറെ ശരീരം മുഖാന്തരം ന്യായപ്രമാണ സംബന്ധമായി മരിച്ചിരിക്കുന്നു' (7:4). ഇപ്പോൾ നിങ്ങൾ ക്രിസ്തുവിനോടുകൂടെ മരിച്ചിട്ടുള്ളതിനാൽ, നിങ്ങൾ ഇനിയൊരിക്കലും ന്യായപ്രമാണത്തോട് ബന്ധിക്കപ്പെട്ടിരിക്കുന്നില്ല. നിങ്ങൾ ക്രിസ്തുവിനോടുകൂടെ വിവാഹം ചെയ്യപ്പെടേണ്ടതിന് ദൈവം നിങ്ങളെ മരിച്ചവരിൽ നിന്ന് ഉയിർപ്പിക്കുന്നു അത് മഹത്വകരമായ ഒന്നാണ്!

എന്നാൽ ക്രിസ്തുവും വളരെ നിർബന്ധമുള്ളവനാണ്. അവിടുന്ന് ന്യായപ്രമാണത്തെപ്പോലെ പരിപൂർണ്ണനാണ്. അവിടുന്ന് പറയുന്നു: 'പ്രഭാതഭക്ഷണം കൃത്യം 8 മണിക്കുതന്നെ മേശപ്പുറത്തുണ്ടായിരിക്കണം 8.01 ന് അല്ല. ഓരോ കാര്യങ്ങളും തികച്ചും വൃത്തിയുള്ളതായിരിക്കണം. വീട് വൃത്തിയുള്ളതായിരിക്കണം.' അവിടുത്തെ നിലവാരം ന്യായപ്രമാണത്തിൻറെ നിലവാരത്തെക്കാൾ ഒരല്പം പോലും താഴ്ന്നതല്ല. വാസ്തവത്തിൽ അവ അതിനേക്കാൾ വളരെ ഉന്നതമാണ്. ന്യായപ്രമാണം പറയുന്നത് 'നിങ്ങൾ വ്യഭിചാരം ചെയ്യരുത്' എന്നു മാത്രമാണ്. എന്നാൽ ക്രിസ്തു പറയുന്നത്, 'നിൻറെ ഹൃദയത്തിൽ ഒരു സ്ത്രീയെ മോഹിക്കുക പോലും ചെയ്യരുത്' എന്നാണ്. എന്നാൽ ക്രിസ്തുവും ന്യായപ്രമാണവും തമ്മിൽ ഒരു വലിയ വ്യത്യാസമുണ്ട്. ക്രിസ്തു പറയുന്നു: 'നമുക്കൊരുമിച്ച് (നീയും ഞാനും ചേർന്ന്) പ്രഭാത ഭക്ഷണം ഉണ്ടാക്കാം.' നാം അവിടുത്തോടുള്ള പങ്കാളിത്തത്തിൽ ഓരോ കാര്യവും ചെയ്യണമെന്നാണ് നമ്മെക്കുറിച്ച് അവിടുന്ന് ആഗ്രഹിക്കുന്നത്. ഉച്ചയ്ക്ക് 1 മണിയോടെ മാത്രം പ്രഭാതഭക്ഷണം ഉണ്ടാക്കാൻ പറ്റുന്ന ആ കഴിവില്ലാത്ത ഭാര്യമാരിൽ ഒരാളാണ് നിങ്ങൾ എന്ന് സങ്കൽപ്പിക്കുക! ന്യായപ്രമാണം ചെയ്യുന്നപോലെ കർത്താവ് നിങ്ങളെ കുറ്റം വിധിക്കുകയോ ഉപേക്ഷിക്കുകയോ ചെയ്യുന്നില്ല. അവിടുന്ന് പറയുന്നത്: 'സാരമില്ല, നമുക്കൊരുമിച്ച് പ്രവർത്തിക്കാം. അപ്പോൾ നീ പുരോഗമിക്കാം.' അങ്ങനെ കർത്താവ് നിങ്ങളുടെകൂടെ പ്രവർത്തിക്കുകയും ഏതാനും ദിവസംകൊണ്ട് നിങ്ങൾക്ക് രാവിലെ 11 മണിയോടെ പ്രഭാതഭക്ഷണം ഉണ്ടാക്കാൻ കഴിയുകയും ചെയ്യുന്നു. കർത്താവ് അപ്പോൾ പറയുന്നത് 'അതിശയമായിരിക്കുന്നു! നമ്മൾ ഉച്ചക്ക് 1 മണിയിൽ നിന്ന് രാവിലെ 11 മണിയിലേക്ക് മാറിയിരിക്കുന്നു. ഈ വരുന്ന ദിവസങ്ങളിൽ ഒന്നിൽ നാം രാവിലെ 8 മണിക്ക് തന്നെ അതുണ്ടാക്കാൻ പോകുകയാണ്. നാം പൂർണ്ണതയിലേക്ക് ആയി.' വസ്ത്രങ്ങൾ അലക്കുന്ന കാര്യത്തിൽ നിങ്ങൾ മോശമായതുകൊണ്ട് വസ്ത്രങ്ങളിൽ അപ്പോഴും പാടുകൾ അവശേഷിക്കുന്നുണ്ടെങ്കിൽ, കർത്താവ് പറയുന്നത് 'സാരമില്ല, ഈ മേഘലയിലും നമുക്കൊരുമിച്ച് പ്രവർത്തിക്കാം.' അടുത്ത തവണ, അവിടുത്തെ സഹായത്തോടുകൂടി നിങ്ങൾ വസ്ത്രങ്ങൾ കഴുകുമ്പോൾ, അതിൽ ശേഷിച്ചിരിക്കുന്ന കറകൾ കുറഞ്ഞിരിക്കുന്നതായി നിങ്ങൾ കണ്ടെത്തും. കഴുകിയ ഒരു വസ്ത്രത്തിലും ഒരു പാട്പോലും ശേഷിക്കാതെയാകുന്നതുവരെ നിങ്ങളോട് ചേർന്നു പ്രവർത്തിക്കുവാൻ കർത്താവ്

തീരുമാനിച്ചിരിക്കുന്നു  നിങ്ങൾ പൂർണ്ണത കൈവരിക്കുന്നതുവരെ അവിടുന്ന് നിങ്ങളോട് ചേർന്നു പ്രവർത്തിക്കും.

കർത്താവ് തൻറെ കാന്തയോട് ചേർന്ന് പ്രവർത്തിക്കുന്നതെങ്ങനെയാണെന്ന് നിങ്ങൾ കണ്ടോ? ന്യായപ്രമാണം ചെയ്യുന്നതുപോലെ അവിടുന്ന് കല്പന കൊടുക്കുന്നത് മാത്രമല്ല ചെയ്യുന്നത്. അവിടുന്ന് നമ്മളോടുകൂടി പ്രവർത്തിക്കുന്നു  നാം അവിടുത്തെ സഹപ്രവർത്തകരാണ്. ആ തലത്തിലുള്ള ഒരു ഭർത്താവാണ് യേശു.